Parish Bulletin - Jan 28, 2018

St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279




**SERVENT OF GOD MAR MATHEW MAKKIL ( 1851— 1914)**

**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Boben Vattampurathu*
*eMail: bobanvt2000@yahoo.co.in Ph: 773 934 1644*
***Secretary:*** *Rev. Sr.Sylverious SVM Ph: 224 432 3217*

***Trustees:***
*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

**HOLY MASS SCHEDULE**

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help





## വരും നാളുകളിൽ

| | |
|---|---|
| **April 05—14** | **Pilgrimage to Holy Land— Israel, Palestine & Jordan (Total cost : $ 2399.00)** |

## മോർട്ടൺ ഗ്രോവ് സെ. മേരീസ് ക്നാനായ ദൈവാലയത്തിൽ മൂന്ന് നോമ്പും പുറത്തുനമസ്കാരവും ഭക്തിനിർഭരമായി ആചരിച്ചു

മോർട്ടൺഗ്രോവ് സെ.മേരീസ് ക്നാനായ ദൈവാലയത്തിൽ ജനുവരി 24 ബുധനാഴ്ച വൈകിട്ട് 7 മണിക്ക് വി.കുർബാനയും തുടർന്ന് മൂന്ന്നോമ്പാചരണ പ്രാർത്ഥനയും പുറത്ത് നമസ്കാര കർമ്മങ്ങളും നടത്തപെട്ടു. സേക്രട്ട് ഹാർട്ട് ഫോറാന വികാരി.റവ.ഫാ എബ്രാഹം മുത്തോലത്ത് തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. റവ.ഫാ ബോബൻ വട്ടംപുറത്ത് സഹകാർമമികനായിരുന്നു. ധാരാളം ജനങ്ങൾ പങ്കെടുത്ത ഈ പുറത്തു നമസ്കാര ചടങ്ങുകളുടെ പ്രസുദേന്തിമാർ കടുത്തുരുത്തി ഇടവകയിൽ നിന്നുള്ളവരായിരുന്നു.കടുത്തുരുത്തി പള്ളിയിലെ കരിങ്കൽ കുരിശിനെ അനുസ്മരിക്കുന്ന വിധത്തിൽ തയ്യാറാക്കിയ 53 ചുറ്റുവിളക്കോടെ നിർമമിച്ച കരിങ്കൽ കുരിശിന് ചുറ്റും ജനങ്ങൾ എണ്ണ ഒഴിച്ച് പ്രർത്ഥിക്കുകയും നേർച്ച കാഴ്ചകൾ സമർപ്പിക്കയും ചെയ്യുതു. ക്നാനായക്കാർ തങ്ങളുടെ തലപ്പള്ളിയായി പരിഗണിച്ചു പോരുന്ന കടുത്തുരുത്തി വലിയ പള്ളിയിൽ പതിനാററകോൽ പൊക്കമുള്ള ഭാരതത്തിലെ ഏറ്റവും വലിയ കരിങ്കൽ കുരിശായ കടുത്തുരുത്തിയിലെ കരിങ്കൽ കുരിശ് 1596 ൽ സ്ഥാപിച്ചു ഈ കുരിശിങ്കൽ പ്രാർത്ഥിക്കുവാനും നേർച്ചകാഴ്ചകൾ സമർപ്പിക്കാനുമായി ജാതി മതഭേദമന്യേ ധാരാളം ജനങ്ങൾ വന്ന് കുരിശിനെവന്ദിച്ച് ചുറ്റുവിളക്ക് കത്തിക്കുകയും ചെയ്യുന്നു. കടുത്തുരുത്തി വലിയ പള്ളിയിയിലെ അതി പുരാതനകാലം മുതൽക്കെയുള്ള പ്രധാനതിരുനാളായ മൂന്നുനോമ്പിന്റെ രണ്ടാം ദിവസമായ ചൊവ്വാഴ്ച വൈകുന്നേരം ചരിത്ര പ്രസിദ്ധമായ കരിങ്കൽ കുരിശിൻ ചുവട്ടിൽ വച്ച് പരമ്പരാഗതമായി നടന്നുവരുന്ന ഒരു സമൂഹ പ്രാർത്ഥനയാണ് പുറത്തുനമസ്ക്കാരം. ഭക്തി നിർഭരവും പ്രാർത്ഥനാ സമ്പുഷ്ടവുമായ ഈ ഭക്താനുഷ്ഠാനത്തിൽ സംബന്ധിക്കുവാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം ആളുകൾ വന്നെത്താറുണ്ട്. കടുത്തുരുത്തി വലിയ പള്ളിയിൽ മാത്രം കാണുന്ന സായാഹ്നപ്രാത്ഥനയെന്നും വിളിക്കപ്പെടുന്ന ഈ പുറത്തുനമസ്ക്കാരം കുരിശടിയിലേക്ക് തിരികൾ കത്തിച്ച് പ്രദക്ഷിണമായി പോയി, AD 345 -ലെ കുടിയേറ്റയാത്രയിൽ മരിച്ച് കടലിൽ സംസ്ക്കരിക്കപ്പെട്ട പൂർവ്വികരെ അനുസ്മരിച്ച് കടലിന്നഭിമുഖമായി നിന്ന് വിശ്വാസികൾ പ്രാർത്ഥിച്ചിരുന്ന പാരമ്പര്യമാണ് ഇതിന്റെ അടിസ്ഥാനം.താത്കാലികമായി സെ.മേരീസിൽ ഈ കൽകുരിശ് നിർമ്മിക്കുവാൻ നേതൃത്വം നല്കിയത് മത്തച്ചൻ ചെമ്മാച്ചേലാണ്. അനിൽ മറ്റത്തിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ദേവാലയ ഗായകസംഘം ആത്മീയ ചൈതന്യം ഉണർത്തുന്ന കീർത്തനങ്ങളാൽ കർമ്മങ്ങൾ കൂടുതൽ സജീവമാക്കി.സമാപനം സ്നേഹ വിരുന്നോടെയായിരുന്നു കൈക്കാരന്മാരായ ടിറ്റോ കണ്ടാരപ്പള്ളി സിബി കൈതക്കതൊട്ടിയിൽ പോൾസൺ കുളങ്ങര, റ്റോണി കിഴക്കേക്കുറ്റ് എന്നിവരോടെപ്പം കടുത്തുരുത്തി ഇടവകാഗംങ്ങളും ചടങ്ങുകളുടെ സുഗമമായ നടത്തിപ്പിന് വേണ്ട ക്രമികരണങ്ങൾ ഒരുക്കി







**ദനഹാകാലം നാലം ഞായർ / Fourth Sunday of Epiphany**

| Jan 28 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | Numbers 11:23-35 | Jessy Thottichirayil | Anjaly Poothurayil |
| 2nd Reading | Heb 7: 23-28 | Mishal Edukutharayil | Soniya Ottayil |
| Gospel | Jn 2 : 1-11 | | |